# തലശ്ശേരി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം
### ക്രിസ്മസ് 2016-മോഡൽ ചോദ്യങ്ങൾ

ക്ലാസ്സ് : XI

സമയം : 2 മണിക്കൂർ
മാർക്ക് : 70

---

**ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരംതെരഞ്ഞെടുത്തെഴുതുക.6**

1. മനുഷ്യ ജീവനെ അതിന്റെ ഉദ്ഭവത്തിന്റെ ആദ്യനിമിഷം മുതൽ അതീവ ശ്രദ്ധയോടെ സംരക്ഷിക്കണം എന്നു പ്രഖ്യാപിക്കുന്ന രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖ?

   (സഭ ആധുനിക ലോകത്തിൽ, മാതാവും ഗുരുനാഥയും, ജനതകളുടെ പുരോഗതി)
2. സൃഷ്ടിയുടെ മകുടം.

   (മാലാഖമാർ, മനുഷ്യൻ, ദൈവം)
3. തന്റെ കുഞ്ഞിന്റെ ജീവൻ സംരക്ഷിക്കാൻവേണ്ടി സ്വന്തം ജീവൻ സമർപ്പിക്കാൻ തയ്യാറായ വിശുദ്ധ.

   (വി.അന്ന, വി.ജാന്ന ബെറേത്ത മോള, വി.മോനിക്ക)
4. ജനറൽ
5. മനുഷ്യന്റെ ആത്യന്തിക ലക്ഷ്യം.

   (ദൈവത്തിലെത്തിച്ചേരുക, സഹോദരസ്നേഹം, കാരുണ്യപ്രവർത്തികൾ)
6. തന്റെ സ്നേഹത്തിലും സൃഷ്ടികർമ്മത്തിലും പങ്കുചേരുവാൻ സ്ത്രീപുരുഷന്മാരെ ദൈവം വിളിക്കുന്ന കൂദാശ?

   (വിവാഹം, മാമോദീസ, അനുരഞ്ജനം)

**പൂരിപ്പിക്കുക** **6**

7. ജീവന്റെ ദാതാവും പരമാധികാരിയും.............ആണ്
8. ഉത്തമ മനസാക്ഷിരൂപികരണത്തിൽ.........നാണ് വലിയസ്ഥാനമുള്ളത്.
9. മനുഷ്യൻ തന്റെ ഭൗതികസ്വത്ത് സ്വന്തമായി കരുതരുത് മറ്റുള്ളവരുടെ ആവശ്യങ്ങളിൽ അവരുമായി മടികൂടാതെ പങ്കുവയ്ക്കുവാനുള്ള പൊതുസ്വത്തായി കരുതണം എന്ന് വ്യക്തമാക്കിയ വിശുദ്ധൻ ..............ആണ്
10. സമ്പന്നരാഷ്ട്രങ്ങളും ദരിദ്രരാഷ്ട്രങ്ങളും തമ്മിൽ സമ്പത്തു



പങ്കിടുന്നതിന്റെ പ്രാധാന്യം പ്രമേയമാക്കിയത് ............ചാക്രിക ലേഖനം ആണ്.

11. അധ്വാനിക്കാത്തവൻ ഭക്ഷിക്കാതിരിക്കട്ടെ എന്നു നിർദ്ദേശിച്ച അപ്പസ്തോലൻ...............ആണ്
12. ജനറൽ

**ഒറ്റവാക്കിൽ ഉത്തരമെഴുതുക.** **8**

13. മനുഷ്യന് തന്റെ ജീവൻ പങ്കുവച്ചതിലൂടെ ദൈവം നൽകിയ വലിയ ഉത്തരവാദിത്വം.
14. ദശാംശത്തെക്കുറിച്ചു പ്രതിപാദിക്കുന്ന പഴയ നിയമപ്രവാചകൻ.
15. വിവാഹസമ്മതത്തിന്റെ അടിസ്ഥാനമെന്ത്?
16. ഭൂമിയിലെ അടിസ്ഥാനതൊഴിൽ.
17. ജനറൽ
18. സ്നേഹിക്കാനും ജീവൻ പകരാനും നമ്മെ സഹായിക്കുന്ന സർഗ്ഗശക്തിയും ദൈവദാനവും.
19. ജനറൽ
20. ക്രൈസ്തവ വിവാഹത്തിന്റെ സവിശേഷത.

**ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക** **10**

21. ജീവസംസ്ക്കാരത്തിന്റെ പ്രവാചകൻ എന്നറിയപ്പെടുന്നവർ?
22. അധ്വാനത്തെ ആരാധനയാക്കി തീർക്കുന്നവർ ആരെല്ലാം?
23. ജനറൽ
24. സാമൂഹികക്രമത്തിന്റെ മാഗ്നാകാർട്ടാ എന്നറിയപ്പെടുന്ന ചാക്രിക ലേഖനം.
25. മനുഷ്യന് തന്റെ ജീവൻ പങ്കുവച്ചതിലൂടെ ദൈവം നല്കിയ വലിയ ഉത്തരവാദിത്വം

**ബൈബിളിൽ നിന്നും ഉദ്ധരിക്കുക** **5**

26. ഒരു വ്യക്തി സ്ത്രീയോ പുരുഷനോ ആയി ജനിക്കുന്നത് ദൈവ നിശ്ചയപ്രകാരമാണെന്ന് വ്യക്തമാക്കുന്ന വചനം ജെറമിയാ പ്രവാചകന്റെ പുസ്തകത്തിൽ നിന്ന് (ജെറമിയ 1:4).
27. ദൈവത്തിൽ ആശ്രയിക്കുന്നവന് ഒന്നിന്റെയും കുറവുണ്ടാവുകയില്ല എന്നു വ്യക്തമാക്കുന്ന വചനം സങ്കീർത്തന പുസ്തകത്തിൽ നിന്ന് (സങ്കീ 23:1).

**ഉത്തരമെഴുതുക**

28. ലൈംഗികത ദൈവദാനമാണെന്ന തിരിച്ചറിവ് നമ്മെ എന്തിനെല്ലാം സഹായിക്കുന്നു. ഇതിനോടുള്ള നിങ്ങളുടെ മനോഭാവമെന്ത്.? **3**
29. തൊഴിലിന്റെ സാമൂഹിക മാനമെന്ത് ? എല്ലാ തൊഴിലും മാന്യതയുള്ളതാണെന്ന കാഴ്ചപ്പാട് സമൂഹത്തിൽ വളർത്തിയെടുക്കാൻ നിങ്ങൾ എന്തു ചെയ്യും? **4**
30. സമ്പത്തിന്റെ സമ്പാദനത്തിൽ ശ്രദ്ധിക്കേണ്ടകാര്യങ്ങൾ എന്തെല്ലാം? **4**
31. ചില തൊഴിലുകൾക്ക് പ്രാധാന്യം കല്പിക്കുകയും മറ്റു ചിലതിനെ മോശമെന്നു കരുതുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ കാർഷികജോലികളോടുള്ള നിങ്ങളുടെ സമീപനമെന്ത്? ചർച്ച ചെയ്യുക. **4**
32. ജീവസംസ്ക്കാരം വളർത്താൻ നാം എന്തെല്ലാം ചെയ്യണം? വിശദമാക്കുക. **5**
33. പ്രകാശത്തിന്റെ നാലാമത്തെ രഹസ്യം എഴുതുക. **5**
34. വിവാഹേതര ലൈംഗികത തിന്മയാണ്. കത്തോലിക്കാസഭയുടെ വീക്ഷണവും ഉന്മൂലനമാർഗങ്ങളും വിവരിക്കുക. **5**
35. ജീവനെതിരായുള്ള വെല്ലുവിളികൾ ഏവ? വിശദമാക്കുക? 5